പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

210 (4201) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലാഭകരമായി പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലും തകർച്ചയിലും പ്രവർത്തിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) 2012-13 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നഷ്ടത്തിലായവ ഏതെല്ലാമാണെന്നും അതിനുള്ള കാരണങ്ങളും വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും ഇറക്കുമതിയും പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികളിൽ നിന്ന് ലഭിച്ചിരുന്ന ഓർഡറുകളുടെ അപര്യാപ്തത, കാലപ്പഴക്കമുള്ള മെഷിനറികളുടെ തകരാറുകൾമൂലം ഉൽപ്പാദനത്തിൽ നേരിടുന്ന തടസ്സങ്ങൾ, പ്രവർത്തനമൂലധനത്തിന്റെ അഭാവം തുടങ്ങിയ പ്രധാന കാരണങ്ങളാണ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ 2010-11-ൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) 2010-11 -ൽ ലാഭകരമായി പ്രവർത്തിച്ച 23 സ്ഥാപനങ്ങളിൽ ചുവടെ പറയുന്ന 7 സ്ഥാപനങ്ങൾ 2012-13 കാലയളവിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്.

1. Traco Cable Company Ltd.
2. Kerala State Drugs and Pharmaceuticals Ltd.
3. Sitaram Textiles Ltd.
4. Kerala State Handloom Weavers Co-operative Society Ltd (HANTEX).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. The Malappuram Co-operative Spinning Mills Ltd.

6. Alleppey Co-operative Spinning Mills.

7. Kerala State Mineral Development Corporation Ltd.

*(*സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയായിവരുന്ന മുറയ്ക്കുള്ള കണക്കുകൾ പ്രകാരമാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്)*

ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൂടുതലും നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ആഗോള പ്രതിസന്ധിമൂലമുണ്ടായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റവും ഉൽപ്പന്നങ്ങളുടെ വിലയിടിവുമാണ് ടെക്സ്റ്റൈൽ മേഖലയിലുള്ള കമ്പനികൾ നഷ്ടത്തിലാകാനുള്ള പ്രധാന കാരണം. അധിക ധനസഹായമായി 60 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ഈ മേഖലയ്ക്ക് നൽകിയെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. 2010-11-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന Travancore-Cochin Chemicals, Travancore Cements Ltd എന്നീ സ്ഥാപനങ്ങൾ 2012-13 കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിച്ചത്.

ഡിഫൻസ് പാർക്ക്

211 (4202) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ ഡിഫൻസ് പാർക്ക് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യമെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളെയാണ് പ്രസ്തുത പദ്ധതിയിൽ സഹകരണത്തിനായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രതിരോധ മേഖലയിൽ തന്ത്ര പ്രധാനമല്ലാത്ത ഉപകരണങ്ങളുടെ നിർമ്മാണം നടക്കുന്ന രാജ്യത്തെ പ്രധാന സ്ഥലമായി ഇതിനെ മാറ്റുന്നതരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മാത്രമേ കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly